# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നം.*589 28/03/2018-ൽ മറുപടിക്ക്

## സ്പീച്ച് തെറാപ്പി, ലേണേഴ്സ് തെറാപ്പി തുടങ്ങിയ ചികിത്സാരീതികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ഡോ.എം. കെ. മുനീർ<br>ശ്രീ.മഞ്ഞളാംകുഴി അലി<br>ശ്രീ.എൻ .എ.നെല്ലിക്കുന്ന്<br>ശ്രീ.എം.ഉമ്മർ** | | **ശ്രീമതി . കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി)** | |
| എ) | ഓട്ടിസം, എ.ഡി.എച്ച്.ഡി, ഹൈപ്പർ ആക്ടിവിറ്റി തുടങ്ങിയ രോഗങ്ങൾക്കുള്ള സ്പീച്ച് തെറാപ്പി, ലേണേഴ്സ് തെറാപ്പി തുടങ്ങിയ ചികിത്സാരീതികൾ സംസ്ഥാനത്തെ ഏതെങ്കിലും സർക്കാർ ആശുപത്രികളിൽ ലഭ്യമാണോ; എങ്കിൽ എവിടെയെല്ലാമെന്ന് അറിയിക്കാമോ; | എ) | തിരുവനന്തപുരം മെഡിക്കൽ കോളേജിലെ ചൈൽഡ് ഡെവലപ്പ്മെന്റ് സെന്ററിൽ ഓട്ടിസം, എ.ഡി.എച്ച്.ഡി, ലേണിംഗ് ഡിസെബിലിറ്റി എന്നിവയുടെ ചികിത്സകൾ നൽകി വരുന്നു. തിരുവനന്തപുരം എസ്.എ.റ്റി ആശുപത്രിയിൽ ജനിക്കുന്ന കുട്ടികളുടെ കേൾവിക്കുറവ് കണ്ടെത്തുന്നതിനായി നവജാതശിശുക്കളെ OAE പരിശോധനയ്ക്ക് വിധേയമാക്കുന്നു. കോട്ടയം ഗവണ്മെന്റ് മെഡിക്കൽ കോളേജിൽ ഓട്ടിസം, എ.ഡി.എച്ച്.ഡി ഹൈപ്പർ ആക്ടിവിറ്റി തുടങ്ങിയ രോഗങ്ങൾക്കുള്ള സ്പീച്ച് തെറാപ്പി, ലേണേഴ്സ് തെറാപ്പി തുടങ്ങിയ ചികിത്സാ രീതികൾ ലഭ്യമാണ്. കൂടാതെ 14 ജില്ലകളിലുമുള്ള ആരോഗ്യ വകുപ്പിനു കീഴിലുള്ള ആശുപത്രികളിലും ലഭ്യമാണ് (പട്ടിക -അനുബന്ധമായി ചേർത്തിരിക്കുന്നു)<br>ഇതോടൊപ്പം ബുദ്ധിപരമായും, ശാരീരികമായും മാനസിക വെല്ലുവിളിയും മൂലമുള്ള വൈകല്യങ്ങൾ നേരിടുന്ന കുട്ടികളുടെ ചികിത്സക്കും പുനരധിവാസത്തിനുമായി രൂപീകരിച്ചിട്ടുള്ള ഐക്കോൺസിൽ (ഇൻസ്റ്റിറ്റ്യൂട്ട് ഫോർ കമ്മ്യൂണിക്കേറ്റീവ് ആൻഡ് കോഗ് നിറ്റിക് ന്യൂറോ സയൻസസ് ) ഇത് സംബന്ധിച്ചുള്ള പരിശോധനക്കും ചികിത്സക്കുമായി എല്ലാ വിധ അത്യാധുനിക സംവിധാനങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്. ഷൊർണ്ണൂർ ആസ്ഥാനത്തെ ഐക്കോൺസിൽ പ്രതിദിനം 200 വരെ ഒ പി കൾ നടന്നു വരുന്നു. ഐക്കോൺസിന്റെ ഷൊർണ്ണൂർ ക്യാമ്പസ്സിൽ ഓട്ടിസം ബാധിച്ചവരായ ആൺകുട്ടികൾക്കും പുരുഷന്മാർക്കും ഇരുപത്തിനാലു മണിക്കൂറും പരസഹായം ലഭ്യമാക്കി അവരെ പ്രത്യേകമായി താമസിപ്പിച്ച |

| | | | |
|---|---|---|---|
| | | | പരിചരിക്കുന്നതിനുള്ള സ്പെഷ്യൽ സ് കൂൾ കം റെസിഡൻഷ്യൽ കോംപ്ലെക്സിന്റെ നിർമാണം പൂർത്തിയായി വരുന്നു. ICCONS ന്റെ തിരുവനന്തപുരം സെന്ററിൽ പീഡിയാട്രിക് ന്യൂറോളജിസ്റ്റിന്റെയും ക്ലിനിക്കൽ സൈക്കോളജിസ്റ്റ്, ഫിസിയോതെറാപിസ്റ്റ് തുടങ്ങി സാങ്കേതിക വിഭാഗം ജീവനക്കാരുടെ മേൽ നോട്ടത്തിൽ Cognitive Disorder ഉള്ളവർക്കായി മെച്ചപ്പെട്ട ചികിത്സയും പരിചരണവും നൽകി വരുന്നുണ്ട്. |
| ബി) | ഇത്തരം ചികിത്സാ സൗകര്യങ്ങൾ ഒരുക്കാത്തതിനെതിരെ സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ എന്തെങ്കിലും ഉത്തരവ് നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | ബി) യും സി) യും | ശ്രദ്ധയിൽപ്പെട്ടിട്ടില്ല |
| സി) | പ്രസ്തുത ചികിത്സാ സൗകര്യങ്ങൾക്ക് പല സ്വകാര്യ ആശുപത്രികളും വലിയതുക ഈടാക്കി വരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | | |
| ഡി) | ഇത്തരം ചികിത്സാ സൗകര്യങ്ങൾ സർക്കാർ ആശുപത്രികളിൽ ഒരുക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വെളിപ്പെടുത്താമോ? | ഡി) | ഓട്ടിസം, ADHA, ഹൈപ്പർ ആക്ടിവിറ്റി തുടങ്ങിയ വൈകല്യങ്ങൾ മുൻകൂട്ടി കണ്ടെത്തി ചികിത്സ നൽകുന്നതിനുള്ള DEIC പദ്ധതി എല്ലാ ജില്ലകളിലും നടപ്പിലാക്കി വരുന്നു. ഇതിന്റെ കീഴിൽ പീഡിയാട്രീഷ്യൻ, മെഡിക്കൽ ഓഫീസർ, ദന്തിസ്റ്റ്, ഫിസിയോതെറാപ്പിസ്റ്റ്, ക്ലിനിക്കൽ സൈക്കോളജിസ്റ്റ്, ഓഡിയോളജിസ്റ്റ്, സ്പീച്ച് തെറാപ്പിസ്റ്റ് തുടങ്ങിയ സ്പെഷ്യലിസ്റ്റ് സേവനങ്ങളാണ് ലഭിക്കുക. കേൾവി ശക്തി ഇല്ലാത്ത കുട്ടികൾക്കും സംസാര ശേഷി ലഭിക്കുന്നതിന് താമസമുള്ള കുട്ടികൾക്കും പ്രത്യേകമായ ചികിത്സ സേവനവും നൽകിവരുന്നു. |

സെക്ഷൻ ഓഫീസർ

| Sl.No. | District | Name of Institution | Address | Contact Number |
|---|---|---|---|---|
| 1 | Trivandrum | General Hospital Trivandum | General Hospital Trivandum | 9846671711 |
| 2 | Kollam | Government Victoria Hospital | Kollam | 8589082525 |
| 3 | Pathanamthitta | THQH, Thiruvalla | THQH, Thiruvalla PIN 689 101 | 949554242 |
| 4 | Alapuzha | General Hospital Alapuzha | General Hospital Iron Bridge P O Alapuzha | 9846413850 |
| 5 | Kottayam | GH Kottayam | General Hospital Kottayam PIN 686 001 | 9446239673 |
| 6 | Idukki | District Hospital Idukki | District Hospital, Cheruthoni Idukki | 9544389999 |
| 7 | Ernakulam | GH Ernakulam | GH Ernakulam Kochi | 9645728757 |
| 8 | Thrissur | District Hospital Thrissur | Old DH Compound, Swaraj Round East, Thrissur | 9946170998 |
| 9 | Malappuram | THQH Thirurangadi | THQH Thirurangadi | 8589009577 |
| 10 | Palakkad | W&C Hospital Palakkad | W&C Hospital Palakkad | 9946105581 |
| 11 | Kozhikode | GH Beach-Kozhikode | Government General Hospital (Opposite Beach) Kozhikode | 9995777007 |
| 12 | Wayanad | Govt. GH Kalpetta | Government General Hospital Building No.204(2) Kainatty, Kalpetta North | 8574558984 |
| 13 | Kannur | DH Kannur | DH Kannur | 7560862025 |
| 14 | Kasaragod | DH Hospital Kanhangad | Balla (PO) Chemmattavay-al Kanhangad | 9946900792 |